**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 595** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരമുള്ള പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ 9 കായികയിനങ്ങളിൽ നിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും, റോവിംഗ് ആലപ്പുഴ ജില്ലയിലും, ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കായികയിനത്തിൽ 15 കുട്ടികൾ എന്ന കണക്കിലാണ് നിലവിൽ പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ എക്സ്പേർട്ട് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത് അനുസരിച്ച് |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ